# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 14, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| |
|---|
| മറുപടി നൽകുന്ന മന്ത്രിമാർ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| റവന്യൂവും കയറും വകുപ്പുമന്ത്രി |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| പൊതുമരാമത്ത് വകുപ്പുമന്ത്രി |

### സർവ്വശിക്ഷാ അഭിയാൻ പുതിയ പദ്ധതികൾ

*91 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ അതിന്റെ പ്രവർത്തനങ്ങൾക്ക് നീക്കിവച്ച കോടിക്കണക്കിന് രൂപ പാഴാക്കിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മുഴുവൻ കമ്പ്യൂട്ടറുകളും ആവശ്യമായ മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുവാൻ എസ്. എസ്. എ. ഫണ്ട് വിനിയോഗിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(സി) പുതുതായി എസ്. എസ്. എ.മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>സപ്ലൈകോ വഴി നെല്ലു സംഭരണം</u>

*92 ശ്രീ. ജെയിംസ് മാത്യു
,, കെ. രാധാകൃഷ്ണൻ
,, സി. കെ. സദാശിവൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും
**വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നുണ്ടോ;

(ബി) ഇതിന് ഏതെങ്കിലും തരത്തിൽ തടസ്സം നേരിട്ടിട്ടുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംഭരിച്ച നെല്ലിന് കർഷകർക്ക് ഉചിതമായ പ്രതിഫലം കാലതാമസമില്ലാതെ നൽകുന്നുണ്ടോ;

(ഡി) പ്രതിഫലം ലഭിക്കാത്തതിനാൽ ഒരു കർഷകൻ ആത്മഹത്യ ചെയ്യാനിടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ സംഭവിക്കാൻ ഇടയായത് സംബന്ധിച്ച് പരിശോധന നടത്തി ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>ഉന്നതവിദ്യാഭ്യാസ നയരൂപീകരണത്തിനായുള്ള കമ്മിറ്റികൾ</u>

*93 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ നയരൂപീകരണവുമായി ബന്ധപ്പെട്ട് എത്ര കമ്മിറ്റികൾ നിലവിലുണ്ട് ;

(ബി) അനന്തമൂർത്തി കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു ; അവ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; അതിന്മേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(സി) പുതുതായി ഒരു കമ്മിറ്റി രൂപീകരിക്കേണ്ട സാഹചര്യം എന്തായിരുന്നു.

(ഡി) പ്രത്യേകമായി ഏതുമേഖല സംബന്ധിച്ച് പഠനം നടത്താനാണ് പ്രസ്തുത കമ്മിറ്റിയോട് ആവശ്യപ്പെട്ടിരിക്കുന്നത് ;

(ഇ) പ്രസ്തുത സാഹചര്യത്തിൽ അനന്തമൂർത്തി കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

ദേശീയപാതാ വികസനത്തിന് സ്ഥലമെടുപ്പ്

*94 ശ്രീ. ബാബു എം. പാലിശ്ശേരി
,, ജി. സുധാകരന്‍
,, കെ.വി. വിജയദാസ്
,, സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയപാതാ വികസനത്തിന് സ്ഥലമെടുപ്പ് ഇപ്പോള്‍ ഏതുഘട്ടത്തിലാണ്;

(ബി) ഏതെല്ലാം മേഖലകളിലാണ് സ്ഥലമെടുപ്പും പണികളും തുടരുവാന്‍ ഉദ്ദേശിക്കുന്നത്;

(സി) ഈ പ്രവര്‍ത്തനങ്ങള്‍ നടപ്പിലാക്കുന്നത് ഏതു തരത്തിലാണ്;

(ഡി) പ്രസ്തുത പാതകളില്‍ ടോള്‍പിരിവ് ഉണ്ടാകുമോ; എങ്കില്‍ എത്ര സ്ഥലങ്ങളിലാണ് ടോള്‍ പിരിവ് ഉണ്ടാകാന്‍ സാധ്യതയുള്ളത് ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

കയർ ഭൂവസ്ത്ര പ്രയോഗവത്ക്കരണ പദ്ധതി

*95

ശ്രീ. ഹൈബി ഈഡൻ
,, പാലോട് രവി
,, എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ ഭൂവസ്ത്ര പ്രയോഗവത്ക്കരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പദ്ധതി നടപ്പാക്കുന്നത് ഏത് ഏജൻസി വഴിയാണ് ;

(ഡി) പ്രസ്തുത പദ്ധതി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

റേഷൻ മണ്ണെണ്ണയുടെ ലഭ്യതയും വിതരണവും

*96 ശ്രീ. കെ. അജിത്
,, മുല്ലക്കര രത്നാകരൻ
,, ഇ. കെ. വിജയൻ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ വഴി കാർഡുടമകൾക്ക് മണ്ണെണ്ണ നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇപ്പോൾ ഓരോ കാർഡിനും ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് എത്രയാണ് ;

(ബി) റേഷൻ മണ്ണെണ്ണയ്ക്കും പൊതു കമ്പോളത്തിൽ വില്ക്കുന്ന മണ്ണെണ്ണയ്ക്കും ലിറ്ററിന് ഈടാക്കുന്ന വില യെത്രയാണ്;

(സി) റേഷൻ മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) റേഷൻ മണ്ണെണ്ണ ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നിനുശേഷം എത്ര പ്രാവശ്യം മണ്ണെണ്ണ ക്വാട്ട വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റം</u>

*97 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, റ്റി. വി. രാജേഷ്
,, പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റത്തിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്ഥലംമാറ്റം സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) കംപാഷനേറ്റ് ഗ്രൗണ്ടിൽ 2011-12 അധ്യയനവർഷം എത്ര പേർക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട് ; ഇത് എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) കംപാഷനേറ്റ് ഗ്രൗണ്ടിൽ എത്ര ശതമാനം സ്ഥലംമാറ്റം നൽകാമെന്നാണ് നിജപ്പെടുത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>കരമന - കളിയിക്കാവിള റോഡ് വികസനം</u>

*98 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരമന - കളിയിക്കാവിള റോഡ് വികസനത്തിന് ഈ സർക്കാർ അധികാരമേറ്റ ശേഷം കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ;

(ബി) എത്ര മീറ്റർ വീതിയിലാണ് കരമന - കളിയിക്കാവിള റോഡ് വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നത്;

(സി) ഈ റോഡ് വികസനത്തിന് സ്കെച്ചും പ്ലാനും അടങ്ങിയ രൂപരേഖ തയ്യാറായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ സോഫ്റ്റ് കോപ്പി ലഭ്യമാക്കുമോ;

(ഇ) ഈ റോഡ് വികസനം എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

കയർ മേഖലയുടെ നവീകരണവും, തൊഴിലാളികളുടെ മിനിമം കൂലിയും

*99 ശ്രീ. എ. എം. ആരിഫ്
,, എസ്. ശർമ്മ
,, കെ. ദാസൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ ഉൽപ്പാദനം വർദ്ധിപ്പിക്കാനുതകുന്ന നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി കയർ ഫാക്ടറി മേഖലയിലെ തൊഴിലാളികൾക്ക് ഇപ്പോൾ ലഭ്യമാകുന്നുണ്ടോ എന്ന് അറിയിക്കുമോ ;

(സി) കയർ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും, മിനിമം കൂലി ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വെളിപ്പെടുത്താമോ :

(ഡി) കയർ രംഗത്ത് പ്രവർത്തിച്ചുവരുന്ന തൊഴിലാളികളെയും ഇപ്പോൾ തൊഴിൽ ഇല്ലാതായവരെയും സംബന്ധിച്ച കണക്കുകൾ
നൽകുമോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

ഭൂരഹിതർക്ക് ഭൂമി

*100 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
,, ഇ. എസ്. ബിജി മോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതർക്ക് ഭൂമി' എന്ന പദ്ധതി പ്രകാരം ഭൂമി ലഭ്യമാക്കുന്നതിന് ആകെ എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) പ്രസ്തുത അപേക്ഷകളുടെ പരിശോധന പൂർത്തിയായിട്ടുണ്ടോ, ഇല്ലെങ്കിൽ ഇതിനുളള നടപടികൾ ഏതു ഘട്ടത്തിലായി എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത അപേക്ഷകൾ തുടർ നടപടികളില്ലാതെ വില്ലേജ് ആഫീസുകളിൽ കെട്ടിക്കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത ഭൂരഹിതർക്ക് നൽകുന്നതിനായി എത്ര ഹെക്ടർ ഭൂമി ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

വിലക്കയറ്റം നിയന്ത്രിക്കാൻ വിപണിയിലെ ഇടപെടൽ

*101 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. സാജു പോൾ
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങൾക്ക് അതിരൂക്ഷമായ വിലക്കയറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സർക്കാരിന്റെ സാമ്പത്തിക സ്ഥിതിവിവരറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത് വിശദമാക്കുമോ ;

(ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് വിപണിയിൽ ഇടപെടുക എന്ന മുൻ സർക്കാർ നയം തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഈ രംഗത്ത് മുൻ സർക്കാർ സ്വീകരിച്ചുപോന്ന മാതൃകയിലുള്ള നടപടികൾക്ക് തയ്യാറാകുമോ ; 2009-10, 2010-11, 2011-12 വർഷങ്ങളിൽ മാർക്കറ്റ് ഇന്റർവെൻഷൻ ഓപ്പറേഷന് വേണ്ടി ചെലവായ തുക വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) വിപണിയിലെ ഇടപ്പെടലുകൾക്കായി ബജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ട് ; സിവിൽ സപ്ലൈസ് കോർപ്പറേഷന് എന്ത് തുക പ്രസ്തുത ഇനത്തിൽ നൽകുവാനായിട്ടുണ്ട് ;

(ഇ) വിപണിയിൽ ഇടപെടുന്നതിന്റെ ഭാഗമായി ഏതെല്ലാം സാധനങ്ങൾക്ക് സർക്കാർ സബ്സ്ഡി നൽകിവരുന്നു ; അതിനായി വകയിരുത്തപ്പെട്ട തുകയിൽ എത്ര തുക ഈ വർഷം ചെലവഴിക്കുകയുണ്ടായി ;

(എഫ്) മാവേലി, സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമല്ലാതായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 14.06.2012-ലെ മറുപടിക്ക്

റോഡ് പണിയുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി

*102 ശ്രീ. കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്
,, കെ. മുരളീധരൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് പണിയുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനമാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഇതിനായി ഒരു പ്രത്യേക പരിശോധനാസംഘത്തെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത പരിശോധനാ സംഘത്തിന്റെ പ്രവർത്തനരീതി വിശദമാക്കുമോ;

(സി) പരിശോധനാ സംഘത്തിന്റെ റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>റോഡ് പുറമ്പോക്കുകളിലെ കയ്യേറ്റങ്ങൾ</u>

*103 ശ്രീ. എം. ഉമ്മർ
,, സി. മോയിൻകുട്ടി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് പുറമ്പോക്കുകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ബി) റോഡ് വികസനത്തിന് പൊന്നും വിലയ്ക്കെടുത്ത ഭൂമി യഥാസമയം ഉപയോഗപ്പെടുത്താത്തതിനാൽ വീണ്ടും കയ്യേറുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സമ്മേളനങ്ങളുടെയും, ആഘോഷങ്ങളുടെയും പേരിൽ റോഡ് പുറമ്പോക്കുകളിൽ വിവിധ സംഘടനകൾ പന്തലുകളും, ഷെഡ്ഡുകളും നിർമ്മിക്കുകയും ക്രമേണ സ്ഥിരം നിർമ്മാണങ്ങൾ നടത്തി കൈവശപ്പെടുത്തുകയും ചെയ്യുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ ;

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പുറമ്പോക്ക് ഭൂമിയിൽ നടന്നിട്ടുള്ള കൈയ്യേറ്റങ്ങളെക്കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തരമായി വിവരശേഖരണം നടത്തി അവ സമയബന്ധിതമായി ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

സർക്കാർ അധീനതയിലുള്ള മിച്ചഭൂമി

*104 ശ്രീ. കെ.വി.വിജയദാസ്
,, രാജു എബ്രഹാം
,, എസ് രാജേന്ദ്രൻ
,, കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കൈവശം ഇപ്പോൾ എത്ര ഹെക്ടർ മിച്ചഭൂമി വിതരണം ചെയ്യപ്പെടാതെയുണ്ട്;

(ബി) മിച്ചഭൂമി ആയതും എന്നാൽ വിവിധ കാരണങ്ങളാൽ ഏറ്റെടുക്കാൻ കഴിയാത്തതുമായ എത്ര ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുണ്ട്;

(സി) സർക്കാർ അധീനതയിലുള്ള മിച്ചഭൂമി ഭൂരഹിതരല്ലാത്ത വ്യക്തികൾക്ക് പതിച്ചുനൽകുന്നുണ്ടോ;

(ഡി) ഇതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളത്; അത് പാലിക്കപ്പെടുന്നുണ്ടോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

റേഷൻ കടകൾ വഴിയുള്ള മണ്ണെണ്ണ വിതരണം

*105

ശ്രീ. എസ്. ശർമ്മ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, സി. കെ. സദാശിവൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി മണ്ണെണ്ണ ലഭിക്കുവാൻ കാർഡ് ഉടമകൾക്ക് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ; ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാർ തീരുമാനം എന്തായിരുന്നു; സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകളിൽ എത്ര പേർക്ക് ഈ നിർദ്ദേശം ബാധകമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) റേഷൻ കാർഡ് ഉടമകൾക്ക് ഇതുണ്ടാക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പരിഗണിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ റേഷൻ കടകൾ വഴി എത്ര അളവിലാണ് മണ്ണെണ്ണ വിതരണം ചെയ്യുന്നതെന്നും അതിന്റെ നിരക്ക് എത്രയാണെന്നും വിശദമാക്കാമോ; സബ്സിഡി ബാങ്കുകൾ വഴിയാക്കുമ്പോൾ ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് റേഷൻ കടയിൽ കൊടുക്കേണ്ടിവരുന്ന തുക എത്രയായിരിക്കും;

(ഡി) സംസ്ഥാനത്ത് മണ്ണെണ്ണയുടെ യഥാർത്ഥത്തിലുള്ള ആവശ്യവും ലഭ്യതയും തമ്മിലുള്ള വ്യത്യാസം വിശദമാക്കാമോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>സ്കൂൾ പഠനസമയം</u>

*106 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ അദ്ധ്യയനസമയം നിലവിൽ എപ്രകാരമാണ്;

(ബി) ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്കൂളുകളുടെ പഠന സമയത്തിൽ പ്രകടമായ വ്യത്യാസം ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) സ്കൂളുകളുടെ സമയക്രമത്തിൽ മാറ്റം വേണമെന്നത് സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്കൂളുകളിലെ പഠനസമയം വിദ്യാർത്ഥികൾക്ക് കൂടുതൽ ഗുണകരമാകുന്ന വിധത്തിൽ പുന:ക്രമീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം പദ്ധതി</u>

*107 ശ്രീ. വി. ഡി. സതീശൻ
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം നൽകാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ അദ്ധ്യയന വർഷത്തിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>കയറിന്റെ സംഭരണവില</u>

*108 ശ്രീ. ഇ.കെ. വിജയൻ
,, പി.തിലോത്തമൻ
ശ്രീമതി. ഇ.എസ്. ബിജി മോൾ
ശ്രീ. വി.ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയറിന്റെ സംഭരണവിലയും വില്പനവിലയും നിശ്ചയിക്കു ന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് അവസാനമായി നിശ്ചയിച്ചതെന്നാണ്; വില പുതുക്കി നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) വില നിശ്ചയിക്കാതിരുന്നതുമൂലം സഹകരണ സംഘങ്ങളുടെ പ്രവർത്തനം മന്ദീഭവിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഘങ്ങളിൽ എത്ര തുകയുടെ കയർ കെട്ടികിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കയർ സംഭരിക്കുന്നതിന് കയർ വികസന കോർപ്പറേഷനിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ;

(ഇ) സംഘങ്ങളിൽ നിന്നും കയർ സംഭരിക്കുന്നതിനുള്ള അവകാശം സ്വകാര്യ വ്യക്തികൾക്ക് നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

റോഡ് വികസനത്തിന് പ്രത്യേക ഏജൻസി

*109 ശ്രീ. എം. എ. വാഹീദ്
'' ലൂഡി ലൂയിസ്
'' ഡൊമിനിക് പ്രസന്റേഷൻ
'' ബെന്നി ബഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് വികസനത്തിന് പ്രത്യേക ഏജൻസി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഏജൻസിയുടെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഏജൻസിയുടെ കീഴിൽ എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാനാണുദ്ദേശിക്കുന്നത്; ഇത്തരത്തിൽ നിർമ്മിക്കുന്ന റോഡിന്റെ നിലവാരം എന്താണെന്ന് വെളിപ്പെടുത്താമോ ;

(സി) റോഡ് വികസനവുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിലുള്ള എത്ര ഏജൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് ; ഇവയുടെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

അദ്ധ്യയന ദിനങ്ങൾ

*110 ശ്രീ. ജി. എസ്. ജയലാൽ
,, മുല്ലക്കര രത്നാകരൻ
,, കെ. അജിത്
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ അദ്ധ്യയന ദിനങ്ങൾ എത്രയാണ്; ഇത് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എൽ.പി., യു. പി., ഹൈസ്ക്കൂൾ വിഭാഗങ്ങളിൽ എത്ര ദിവസമായി വർദ്ധിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) അദ്ധ്യയന ദിവസങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് ഒരു പൊതു ധാരണ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനുള്ള പദ്ധതി തയ്യാറാക്കൽ</u>

*111 ശ്രീ. പി.ബി. അബ്ദുൾ റസാക്
,, എം. ഉമ്മർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി കണ്ട് അവ നേരിടുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ജില്ലാതലത്തിൽ ഇതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നും വിശദമാക്കുമോ ;

(ബി) ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ടിന്റെ സ്രോതസും ആയതിനു 2011-12 കാലയളവിൽ ലഭിച്ച തുകയും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിനു നേരിടേണ്ടിവരാവുന്ന പ്രകൃതി ദുരന്തങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അവ പ്രതിരോധിക്കാനായി എന്തൊക്കെ ആധുനിക ഉപകരണങ്ങൾ കരുതണമെന്നും, അവ അവശ്യഘട്ടത്തിൽ ഉപയോഗിക്കുന്നതിനായി നൽകിക്കൊണ്ട് ഏതൊക്കെ സംസ്ഥാന ഏജൻസികളെ സജ്ജരാക്കണമെന്നതും സംബന്ധിച്ച രൂപരേഖയുണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ

## 14.06.2012-ലെ മറുപടിക്ക്

സപ്ലൈകോയ്ക്ക് അനുവദിച്ചതിൽ ലാപ്സായ തുക

*112 ശ്രീ. എ. കെ. ബാലൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. കെ. നാരായണൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ സപ്ലൈകോയ്ക്ക് അനുവദിച്ച 10.40 കോടി രൂപ ലാപ്സായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സാഹചര്യം ഉണ്ടായതിന് കാരണമെന്ത് ;

(സി) അതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്ത് സപ്ലൈകോ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന് പ്രതിഫലം നൽകാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിൽ അത് ഒരു വീഴ്ചയായി കണക്കാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

ഹോട്ടലുകളിലെ വില ഏകീകരണം

*113 ശ്രീ. ബി. സത്യൻ
,, എസ്. രാജേന്ദ്രൻ
ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങൾക്ക് തോന്നിയ പോലെ വില ഈടാക്കിവരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉപഭോക്താക്കളിൽ നിന്ന് അന്യായവില ഈടാക്കിയ എത്ര ഹോട്ടലുടമകൾക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) വില ഏകീകരിക്കാൻ നിയമനിർമ്മാണം നടത്തണമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) എല്ലാ ഹോട്ടലുകളിലും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നു എന്ന് ഉറപ്പാക്കിയിട്ടുണ്ടോ;

(ഇ) ഭക്ഷണസാധനങ്ങളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>റേഷൻ സാധനങ്ങളുടെ വിതരണം</u>

*114 ശ്രീ. വി. എസ്. സുനിൽകുമാർ
,, പി. തിലോത്തമൻ
,, വി. ശശി
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പ്രതിമാസം എത്ര ടൺ അരിയാണ് അനുവദിച്ചിരുന്നത്; ഇപ്പോൾ പ്രതിമാസം എത്ര ടൺ അരി ലഭിക്കുന്നുണ്ട്;

(ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുളളവർക്ക് എത്ര കിലോഗ്രാം അരിയാണ് അനുവദിച്ചിരുന്നത്; ഇപ്പോൾ എത്രയാണ് നല്കുന്നത്;

(സി) റേഷൻകടകൾ വഴി കിലോഗ്രാമിന് രണ്ടു രൂപ നിരക്കിലും ഒരു രൂപ നിരക്കിലും അരി വിതരണം നടത്തുന്നുണ്ടോ; എങ്കിൽ പ്രതിമാസം ഇതിനാവശ്യമായിവരുന്ന അരിയുടെ അളവെത്ര;

(ഡി) റേഷൻ സാധനങ്ങളുടെ വിതരണം കൃത്യമായി നടക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റേഷൻ സാധനങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിനും വെട്ടിക്കുറച്ച അരിവിഹിതം വീണ്ടെടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

റേഷൻ കാർഡ് അച്ചടി

*115 ശ്രീ. പി.കെ. ബഷീർ
,, സി. മമ്മൂട്ടി
,, വി.എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് അച്ചടിക്കുന്നതുമായി ബന്ധപ്പെട്ട് കരാർ ഉണ്ടാക്കിയിരുന്നോ; എങ്കിൽ കരാറിലെ വ്യവസ്ഥകൾ സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത കരാർ റദ്ദാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് ഈ കരാർ നിലവിൽ വന്നതെന്നും കരാർ റദ്ദുചെയ്യാനിടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(സി) കരാർ റദ്ദാക്കൽമൂലം, റേഷൻ കാർഡ് വിതരണത്തിൽ എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വ്യക്തമാക്കുമോ;

(ഡി) റേഷൻ കാർഡുകളുടെ അച്ചടി, വിതരണം എന്നിവ സംബന്ധിച്ച് പുതിയ നയരൂപീകരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

സാങ്കേതിക സർവ്വകലാശാല

*116 ശ്രീ. റ്റി.എ.അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനും, ഫലപ്രദമായ നിയന്ത്രണ സംവിധാനം സൃഷ്ടിക്കുന്നതിനുമായി ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊ ണ്ടിട്ടുണ്ടോ;

(സി) ഇതരസംസ്ഥാനങ്ങളിൽ പ്രവർത്തിച്ചു വരുന്ന സാങ്കേതിക സർവ്വകലാശലകളുടെ ഘടന പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ്, സ്വാശ്രയമേഖലകളിലായി പോളിടെക്നിക്കുകളുൾപ്പെടെ എത്ര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇവയുടെ പ്രവർത്തനമികവ് വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>സമഗ്ര റോഡ് നയം</u>

*117 ശ്രീ. വി. റ്റി. ബല്‍റാം
,, കെ. ശിവദാസന്‍ നായര്‍
,, ജോസഫ് വാഴക്കന്‍
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സമഗ്ര റോഡ് നയത്തിന് രൂപം നല്‍കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ കരട് തയ്യാറാക്കാന്‍ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച നടപടിക്രമങ്ങള്‍ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>ബൈപാസുകള്‍</u>

*118 ശ്രീ. ഇ. പി. ജയരാജന്‍
,, എളമരം കരിം
,, ബി. ഡി. ദേവസ്സി
,, സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ബൈപാസുകള്‍ നിര്‍മ്മിക്കുന്ന പദ്ധതി ഇപ്പോള്‍ ഏത് ഘട്ടത്തിലാണ്;;

(ബി) ബൈപാസുകള്‍ നിര്‍മ്മിക്കേണ്ടതായി കണ്ടെത്തിയ സ്ഥലങ്ങള്‍ ഏതൊക്കെയാണ് ; സര്‍വ്വേ പൂര്‍ത്തിയായവ ഏതൊക്കെയാണ് ; അവ ഓരോന്നും നിര്‍മ്മിക്കുന്നതിനായി ഇതിനകം സ്വീകരിക്കപ്പെട്ട നടപടികള്‍ വിശദമാക്കാമോ;

(സി) മുന്‍വര്‍ഷത്തെ ബജറ്റില്‍ പ്രഖ്യാപിച്ച ആദ്യഘട്ട ബൈപാസുകളില്‍ നിര്‍മ്മാണം ആരംഭിക്കാത്തവ ഏതൊക്കെയാണ്?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

റബ്ബറൈസ്ഡ് പി.ഡബ്ള്യൂ.ഡി. റോഡുകൾ

*119 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി.യൂ. കുരുവിള
,, സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ പി.ഡബ്ള്യൂ.ഡി. റോഡുകളും റബ്ബറൈസ്ഡ് ആക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) റോഡുകളുടെ നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിലെ ആധുനിക സംവിധാനങ്ങൾ</u>

*120 ശ്രീ. വി. പി. സജീന്ദ്രൻ
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ പൊതുജനങ്ങൾക്കായി എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഏകജാലക സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുവഴി ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) അഴിമതി തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) രേഖകളുടെ ഡിജിറ്റൈസേഷൻ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇത് എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ജൂൺ 5.

പി. കെ. മുരളീധരൻ,
സെക്രട്ടറി - ഇൻ - ചാർജ്ജ്